അസിസ്റ്റന്റ് പ്രൊഫസർ തസ്തികയും ക്ലീനിക്കൽ വിഭാഗത്തിലും റേഡിയേഷൻ ഫിസിക്സ്, കാൻസർ റിസേർച്ച് എന്നീ നോൺ ക്ലീനിക്കൽ വിഭാഗത്തിൽ ഓരോ പ്രൊഫസർ തസ്തികയും ഒരു ലക്ചർ (Cancer Research) തസ്തികയും ഒഴിഞ്ഞുകിടപ്പുണ്ട്.

(സി-ഇ) ആർ.സി.സി.-യിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഒരു പ്രോപ്പോസൽ പരിശോധിച്ചുവരികയാണ്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

കാസർഗോഡ് ജില്ലയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II ഒഴിവുകൾ

48 (1774) ശ്രീ. കെ കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് II (അലോപ്പതി) തസ്തികയിൽ നിരവധി ഒഴിവുണ്ടായിട്ടും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ ഫാർമസിസ്റ്റുമാരുടെ പന്ത്രണ്ട് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. ഇതിൽ രണ്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യവകുപ്പിലെ ജ്വീഭരണ സംവിധാനം നിറുത്തലാക്കിയതിനെത്തുടർന്ന് ആരോഗ്യ വിദ്യാഭ്യാസവകുപ്പിലേക്ക് ഓപ്ഷൻവാങ്ങി പോയതിനെ തുടർന്നുണ്ടായതാണ് ബാക്കി 10 ഒഴിവുകൾ, ഈ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒഫ്താൽമിക് അസിസ്റ്റന്റുമാരുടെ തസ്തികയുടെ പേര് മാറ്റൽ

49 (1775) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.എച്ച്.എസ്./ഡി.എം.ഇ. വകുപ്പുകളിൽ ഓഫ്താൽമിക് അസിസ്റ്റന്റുമാർക്ക് ഏതൊക്കെ ഗ്രേഡാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത ഗ്രേഡ് പ്രകാരം ഈ ഡിപ്പാർട്ടുമെന്റുകളിൽ ഓരോ ഗ്രേഡിലും എത്ര ജീവനക്കാർ വീതം ജോലി ചെയ്യുന്നു ; ഇതിന്റെ സ്ഥാപനം/ഗ്രേഡ് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) പത്തുവർഷത്തിൽ അധികമായി സീനിയർ ഗ്രേഡ് ഒഫ്താൽമിക് അസിസ്റ്റന്റുമാരായി ജോലി ചെയ്യുന്നവർക്ക് ഹയർ ഗ്രേഡിന് അർഹത ഉണ്ടോ ; എങ്കിൽ ഈ ഗ്രേഡ് നിലവിൽ ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇവർക്ക് ഹയർ ഗ്രേഡ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഒഫ്താൽമിക് അസിസ്റ്റന്റുമാരുടെ തസ്തികയുടെ പേര് മാറ്റത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് അപേക്ഷ നൽകിയത് ആരൊക്കെ ;

(എഫ്) പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ജി) ഒഫ്താൽമിക് അസിസ്റ്റന്റ്/റിഫ്രാക്ഷനിസ്റ്റ്/ഒപ്റ്റോമെട്രിസ്റ്റ് തസ്തികയുടെ പേരുമാറ്റവുമായി ബന്ധപ്പെട്ട് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗ്രേഡ് II, ഗ്രേഡ് I, സീനിയർ ഗ്രേഡ്

(ബി) ആരോഗ്യവകുപ്പിൽ ഓരോ ഗ്രേഡിലും താഴെ പറയുന്ന പ്രകാരം ജീവനക്കാർ ജോലി ചെയ്യുന്നു.

സീനിയർ ഗ്രേഡ്	-	66
ഗ്രേഡ് I	-	132
ഗ്രേഡ് II	-	133

ആരോഗ്യവകുപ്പിലെ സ്ഥാപനം/ഗ്രേഡ് തിരിച്ചുള്ള വിവരവും, മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽനിന്നുള്ള വിവരവും ശേഖരിച്ച് നൽകുന്നതാണ്.

(സി&ഡി) നിലവിലുള്ള ശമ്പള പരിഷ്ക്കരണ ഉത്തരവനുസരിച്ച് ഗ്രേഡ് I പ്രമോഷനോ അല്ലെങ്കിൽ 8 വർഷം തികയുമ്പോൾ ആദ്യത്തെ ഗ്രേഡിനും അല്ലെങ്കിൽ പതിനാറു വർഷം തികയുമ്പോൾ രണ്ടാമത്തെ ഗ്രേഡിനും 23-ാം വർഷത്തിൽ മൂന്നാം ഗ്രേഡിനും അർഹതയുണ്ട്. ഗ്രേഡിന് അർഹതയുള്ള വർക്ക് വകുപ്പുതലവന്റെ ശുപാർശ അനുസരിച്ച് ഗ്രേഡ് അനുവദിച്ചുവരുന്നുണ്ട്.

(ഇ-ജി) ഒഫ്താൽമിക് അസിസ്റ്റന്റ്, റിഫ്രാക്ഷനിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ് എന്നീ തസ്തികകളുടെ പേരുമാറ്റുന്നതിന് സർക്കാരിൽ ലഭിച്ച അപേക്ഷകളുടെ വെളിച്ചത്തിൽ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി ആരോഗ്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി വിശദമായ ചർച്ചനടത്തി. ഇക്കാര്യത്തിൽ സർക്കാർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഒഫ്താൽമിക് അസിസ്റ്റന്റ് നിയമനം നടത്താൻ നടപടി

50 (1776) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.എച്ച്.എസ്./ഡി.എം.ഇ.യുടെകീഴിൽ ഒഫ്താൽമിക് അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

(ബി) ഡി.എം.ഇ./ഡി.എച്ച്.എസ്. വകുപ്പുകളിൽ എത്ര ഒഫ്താൽമിക് അസിസ്റ്റന്റ്/ഒപ്ടോമെട്രിസ്റ്റ്/റിഫ്രാക്ഷനിസ്റ്റ് തസ്തികകൾ നിലനിൽക്കുന്നു ; ഗ്രേഡ്/തസ്തിക തിരിച്ചുള്ള പൂർണ്ണവിവരം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly